പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3147 — 22.06.2012 ൽ മറുപടിയ്ക്ക്

**കേന്ദ്രസർക്കാർ ഗ്രാന്റിന്റെ വിനിയോഗം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>'' സണ്ണിജോസഫ്<br>''ലൂഡി ലൂയിസ് | **ഡോ. എം.കെ. മുനീർ**<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | സാമൂഹ്യക്ഷേമവകുപ്പ് മുഖേന കേന്ദ്രസർക്കാർ ഗ്രാന്റ് ലഭിക്കുന്നതിനായി സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിബന്ധനകളും ആയതിന്റെ നടപടിക്രമങ്ങളും എന്തൊക്കെയാണ് ; വിശദമാക്കുമോ ; | (എ) | സാമൂഹ്യക്ഷേമവകുപ്പ് മുഖേന കേന്ദ്രസർക്കാർ ഗ്രാന്റ് ലഭിക്കുന്നതിനായി സ്ഥാപനങ്ങൾ 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ചോ സ്റ്റേറ്റ് സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ചോ രജിസ്റ്റർ ചെയ്തിരിക്കണം. 1958 ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 525 പ്രകാരം ലൈസൻസുള്ള ചാരിറ്റബിൾ കമ്പനിയ്ക്കോ കാലാകാലങ്ങളിൽ നിലവിലുള്ള നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുമേഖലാ സ്ഥാപനത്തിനോ കേന്ദ്ര സർക്കാർ ഗ്രാന്റിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരം സ്ഥാപനങ്ങളും സംഘടനകളും 2 വർഷമെങ്കിലും തുടർച്ചയായി പ്രവർത്തിക്കുന്നവയായിരിക്കണം. കേന്ദ്രസർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നതിന് സ്ഥാപനങ്ങൾ സാമൂഹ്യക്ഷേമവകുപ്പ് മുഖേന രജിസ്റ്റർ ചെയ്യുന്നില്ല. |
| (ബി) | ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്നത് ; | (ബി) | വൃദ്ധജനങ്ങൾക്കുള്ള സംയോജിത സംരക്ഷണ പദ്ധതി, വയോജന ഭവനങ്ങൾ നിർമ്മിക്കുന്നതിന് ധന സഹായം നൽകുന്ന പദ്ധതി, വികലാംഗർക്കുള്ള ദീനദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ പദ്ധതി, വികലാംഗർക്ക് പ്രത്യേക |

| | | | |
|---|---|---|---|
| | | | ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതി (സ്കീം ടു അസിസ്റ്റൻസ് ടു ഡിസേബിൾഡ് പേഴ്സൺസ് ഫോർ പർച്ചേഴ്സ്/ ഫിറ്റിംഗ് ഓഫ് എയ്ഡ്സ്/ അപ്ലൈയൻസ് (അഡിപ് സ്കീം), ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്ന പദ്ധതി, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രവർത്തിക്കുന്ന വോളണ്ടറി ഓർഗനൈസേഷനുകൾക്ക് ജനറൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രവർത്തിക്കുന്ന ഷോർട്ട് സ്റ്റേ ഹോം, സ്വാധർ ഷോർട്ട് സ്റ്റേ ഹോം എന്നിവ ഒന്നാക്കി പുതിയതായി സ്വാധർ എന്ന പേരിൽ പ്രവർത്തിക്കുന്ന ഹോമുകൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി, ലൈംഗിക ചൂഷണം നടന്ന ഇരകളെ മോചിപ്പിച്ച് അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഉജ്ജ്വല സ്കീം പദ്ധതി, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മാണത്തിനായുള്ള ധനസഹായ പദ്ധതി എന്നിവയാണ് കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്ന പദ്ധതികൾ. |
| (സി) | ഗ്രാന്റ് തുക പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ആ മേഖലയിൽ തന്നെ ചെലവഴിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (സി) | സാമൂഹ്യക്ഷേമവകുപ്പിലെ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്ന സംഘടനകളിൽ പരിശോധന നടത്തുകയും ഗ്രാന്റ് തുക പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ആ മേഖലയിൽ തന്നെ ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ആയത് പ്രകാരം ടി സംഘടനകൾക്ക് അടുത്ത വർഷത്തേക്കുള്ള ഗ്രാന്റിന് ശുപാർശ ചെയ്യുകയും ചെയ്തു വരുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ